# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.450 - 10/03/2015 - ലെ മറുപടിക്ക്**

## സഞ്ചിത കടം

| ചോദ്യം<br><br>ശ്രീമതി.കെ.എസ്.സലീഖ | ഉത്തരം<br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2014-15 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചു നൽകിയിട്ടുള്ള വായ്പാ പരിധി എത്ര കോടി രൂപയാണ്; | 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചു നൽകിയിട്ടുള്ള കടമെടുപ്പ് പരിധി 13,548 കോടിരൂപയാണ്. |
| (ബി) ആയതുപ്രകാരം 2015 ജനുവരി 31 വരെ എത്ര കോടി വായ്പ എടുത്തു; വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 2015 ജനുവരി 31 വരെ 10,859.92 കോടിരൂപ വായ്പ (തനി) എടുത്തിട്ടുണ്ട്. |
| (സി) 2014-15 സാമ്പത്തിക വർഷം 2015 ജനുവരി 31 വരെ റിസർവ്വ് ബാങ്കിന്റെ ഭരണാനുമതിയോടുകൂടി എത്ര തുക കടപ്പത്രം വഴി സമാഹരിച്ചു; ഈ നടപ്പുവർഷം ഇനി ഇത്തരത്തിൽ എത്ര കോടി രൂപ കൂടി സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | 2014-15 സാമ്പത്തിക വർഷം (ജനുവരി 31 വരെ) പൊതു വിപണിയിൽ നിന്ന് 11200 കോടിരൂപ കടമെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള അനുമതി അനുസരിച്ച് ഫെബ്രവരി-മാർച്ച് കാലയളവിൽ 2000 കോടി രൂപ കടമെടുക്കുവാൻ കഴിയും. |
| (ഡി) ഇത്തരത്തിൽ കടമെടുക്കുന്ന തുക സംസ്ഥാനത്തിന്റെ വികസന ചെലവുകൾക്കാണോ ഉപയോഗിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ; | കടമെടുക്കുന്നതുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപാദനപരമായ ആവശ്യങ്ങൾക്കുമായിട്ടാണ് ചെലവഴിക്കുന്നത്. |
| (ഇ) 2014-15 നടപ്പുവർഷം ഇത്തരത്തിൽ കടമെടുത്ത തുക റവന്യൂചെലവുകൾക്കാണ് ഉപയോഗിച്ചതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് നിയമവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

| | |
|---|---|
| (എഫ്) നിലവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര; 2015മാർച്ച് 31 ആകുമ്പോഴേയ്ക്കും സഞ്ചിത കടം എത്രയാകുമെന്നാണ് സർക്കാർ കരുതുന്നത്; | 31,ഡിസംബർ 2014 വരെ ലഭ്യമായിട്ടുള്ള അക്കൗണ്ടന്റ് ജനറലിൻെറ പ്രാഥമിക കണക്കുൾപ്പെടെ 31.12.2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,28,095.05 കോടിരൂപയാണ്.അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്ക് ലഭ്യമാകുമ്പോൾ മാത്രമെ 31.03.2015 വരെയുള്ള പൊതുകടം സംബന്ധിച്ച യഥാർത്ഥ കണക്ക് വ്യക്തമാകുകയുള്ളൂ. |
| (ജി) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31.03.2011 ൽ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു. |

*സെക്ഷൻ ഓഫീസർ*